നടത്തിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം നൽകുന്ന സർട്ടിഫിക്കറ്റുകളുടെ പൂർണ്ണ വിവരവും സർട്ടിഫിക്കറ്റുകൾക്ക് ആവശ്യമായിട്ടുള്ള അനുബന്ധ രേഖകളുടെ വിവരങ്ങളും അപേക്ഷ നൽകുന്നതിനും സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനും വേണ്ട പരിശീലനങ്ങളും അനുബന്ധ സാങ്കേതിക വിവരങ്ങളും അക്ഷയകേന്ദ്രങ്ങൾക്ക് നൽകിയിട്ടുണ്ട്.

(സി) ഇ-ഡിസ്ട്രിക്ട് പദ്ധതി പ്രകാരം സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടായാൽ അടിയന്തിര സാഹചര്യത്തിൽ വില്ലേജ് ഓഫീസിൽനിന്നും നേരിട്ടതന്നെ ജനങ്ങൾക്ക് ഇപ്പോഴും സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നതാണ്. കൂടാതെ ഓൺലൈൻ പേയ്മെന്റ് സംവിധാനംകൂടി ഈ പദ്ധതിയുടെ ഭാഗമായതോടുകൂടി വീട്ടിലിരുന്നുതന്നെ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്നതിനും ലഭ്യമാക്കുന്നതിനുമുള്ള സൗകര്യവും നിലവിൽവന്നു കഴിഞ്ഞിട്ടുണ്ട്.

കുടിയേറ്റഭൂമി കൈമാറാനും വിൽക്കാനും മുദ്രപ്പത്രം

172 (1251) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിയേറ്റ ഭൂമി കൈമാറാനും വിൽക്കാനും മുദ്രപ്പത്രം നിർബന്ധമാക്കിയിരുന്ന വ്യവസ്ഥ ഗസറ്റ് വിജ്ഞാപനത്തിലൂടെ ഭേദഗതി ചെയ്തിട്ടുണ്ടോ; എങ്കിൽ വിജ്ഞാപനത്തിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ;

(ബി) മുദ്രപ്പത്രത്തിന് പകരം വെള്ളക്കടലാസ് ഉപയോഗിച്ചുള്ള കരാർ മതിയെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത്, മലയോര മേഖലയിൽ പട്ടയരഹിത ഭൂമി വാങ്ങിക്കൂട്ടാനും കയ്യേറ്റങ്ങൾക്കും പ്രസ്തുത രംഗത്തെ മാഫിയകൾക്ക് അവസരമാകുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കുടിയേറ്റ ഭൂമി കൈമാറാനും വിൽക്കാനും മുദ്രപ്പത്രം നിർബന്ധമാക്കിയിരുന്ന സാഹചര്യം എന്തായിരുന്നു; അതിപ്പോഴും നിലനിൽക്കുന്നതായുള്ള റിപ്പോർട്ടുകൾ പരിഗണിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഭൂമി പതിവ് (1-1-1977-ന് മുമ്പുള്ള വനഭൂമി കയ്യേറ്റം ക്രമീകരിക്കൽ) 1993-ലെ ചട്ടം 2 (ജെ) പ്രകാരമുള്ള Successor-in-interest means those who have obtained possession of the land by virtue of stamped instrument എന്നാണ്. എന്നാൽ 19-8-2015-ലെ ജി.ഒ.(പി) നമ്പർ 399/2015/ആർ.ഡി. ഉത്തരവ് പ്രകാരം by virtue of stamped instrument എന്നത് From the predecessor-in-interest എന്ന് ഭേദഗതി വരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 1993-ലെ ഭൂമി പതിവ് ചട്ടം (1-1-1977-ന് മുമ്പുള്ള വനഭൂമി കയ്യേറ്റം ക്രമീകരിക്കൽ) പ്രകാരം പതിച്ച് നൽകിയ ഭൂമി ഓകൈമാറ്റം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾക്ക് വ്യക്തത വരുത്തുന്നതിനായാണ് പ്രസ്തുത ചട്ടം 2-ന്റെ (ജെ) ഉപചട്ടമായി പുതുതായി (G.O(P)591/2013/RD dated 24-12-2013, S.R.O./No.1004/2013) ഉൾക്കൊള്ളിക്കുകയും ടി ഉത്തരവിന് 19-8-2015-ലെ ജി.ഒ.(പി)നമ്പർ 399/2015/ആർ.ഡി. ഉത്തരവ് SRO/No.548/2015 പ്രകാരം by virtue of stamped instrument എന്നത് From the predecessor-in-interest എന്ന് ഭേദഗതി വരുത്തിയിട്ടുള്ളതുമാണ്.

വരൾച്ചാ ദുരിതാശ്വാസ പദ്ധതി

173 (1252) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിന് ആലപ്പുഴ ജില്ലയിൽ നിന്നും ഈ സാമ്പത്തിക വർഷം നൽകിയ പ്രൊപ്പോസലിന് ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട്ടിൽ അനുവദിച്ച നിർമ്മാണ പ്രവൃത്തികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) പ്രൊപ്പോസൽ ലഭിക്കുന്നതനുസരിച്ച് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭൂമി നൽകുന്ന പദ്ധതി

174 (1253) ശ്രീ. കെ. മുരളീധരൻ :
ശ്രീ. പൈലി ഇൗഡൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായ കുടുംബങ്ങൾക്ക് മൂന്ന് സെന്റ് ഭൂമി വീതം നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly